LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 5 പ്രതികളിൽ 2 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(ബി) പോലീസ് ചാർജ്ജ് ചെയ്ത കേസിൽ അഞ്ചുപേരെ പ്രതികളാക്കിയിട്ടുള്ളതും ഒന്നും രണ്ടും പ്രതികൾ 7-5-2015-ന് കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും മൂന്നാം പ്രതിയായ മിഥുൻ എന്നയാളെ 8-5-2015-ന് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. നാലും അഞ്ചും പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

A1 - പവൻ @ സുജീഷ്, വയസ്സ് 26, S/o സുദേവൻ,
പടിഞ്ഞാറെ മുറി, കാരപ്പൊറ്റ.

A2 - ജനീഷ്, വയസ്സ് 21, S/o ജനാർദ്ദനൻ,
കുടല്ലൂർ വീട്, കാരപ്പൊറ്റ, കണ്ണൂര്.

A3 - മിഥുൻ, വയസ്സ് 22, S/o രാധാകൃഷ്ണൻ,
പടിഞ്ഞാറെ മുറി, കുന്നുംപുറം, കണ്ണൂര്.

A4 - ചാരുഷ്, വയസ്സ് 20, S/o ചന്ദ്രൻ കുന്നുംപുറം, കാരപ്പൊറ്റ, കണ്ണൂര്.

A5 - സുമേഷ്, വയസ്സ് 24, S/o ബാലൻ, അത്താണി പറമ്പ്,
കാരപ്പൊറ്റ, കണ്ണൂര്.

(സി) ആവശ്യം പരിശോധിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

എസ്.സി/എസ്.റ്റി അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

183 (187) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എസ്.സി./എസ്.റ്റി. അട്രോസിറ്റീസ് ആക്ട് പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടെന്നും എത്ര ഇര നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പോലീസ് പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിന്മേൽ എത്ര നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3,766 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,616 കേസ്സുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ലഭ്യമായ കണക്ക് പ്രകാരം 1,46,88,262 രൂപ (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(ബി) 7 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II -ൽ ചേർത്തിരിക്കുന്നു*.

(സി) സ്വീകരിച്ച നടപടി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

അമിതപലിശ ഈടാക്കൽ നിരോധന നിയമപ്രകാരമുള്ള കേസുകൾ

184 (188) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം 2302 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ 2972 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതിൽ 758 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

ശ്രീ. എ. സുനിൽ രാജിന്റെ പ്രമോഷൻ

185 (189) ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ എച്ച്.എച്ച്.ഡബ്ല്യു.-I, സി.ബി.സി.ഐ.ഡി., എസ്.ഐ. ശ്രീ. എ. സുനിൽ രാജിനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.